
# "അമാന്തായ്..... ആവേച്ചു....." പോരാട്ടം നമ്മുടേതാണ്


**ഇക്കഴിഞ്ഞ ജനുവരിയിൽ ആഫ്രിക്കയിലെ നെയ്റോബിയിൽ നടന്ന ലോക സോഷ്യൽഫോറം സി.ആർ. നീലകണ്ഠൻ കേരളീയത്തിന് വേണ്ടി നേരിട്ട് റിപ്പോർട്ട് ചെയ്യുന്നു.**




**"അമാന്തായ്"** വേദികളിൽ ഏറെ പ്രാവശ്യം മുഴങ്ങിക്കൊണ്ടിരുന്ന മുദ്രാവാക്യം. പ്രത്യേകിച്ചും വനിതാ സമരനേതാക്കൾ അവരുടെ മധുരവും ദൃഢവും മൂർച്ചയേറിയതുമായ സ്വരത്തിൽ ഇതു വിളിക്കുമ്പോൾ സദസ്സ് ഒറ്റക്കെട്ടായി മറുപടി പറയുന്നു. "അവേച്ചു...". ആഫ്രിക്കൻ ഭാഷയായ സ്വാഹിലിയിൽ ഈ വാക്കുകളുടെ അർത്ഥം "അമാന്തായ്" (പോരാട്ടം), "അവേച്ചു" (നമ്മുടേതാണ്) എന്നാണ്. കെനിയയുടെ തലസ്ഥാനമായ നെയ്റോബിയിൽ ജനുവരി 20 മുതൽ 25 വരെ നടന്ന ലോകസോഷ്യൽ ഫോറത്തിന്റെ നിരവധി വേദികളിൽ ഈ രംഗം ഒരുപോലെ ആവർത്തിക്കപ്പെടുന്നു. നഗരത്തിലെ മോയ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലായിരുന്നു ഫോറം നടന്നത്. 2001 മുതൽ ഓരോ വർഷവും നടക്കുന്ന ഈ സമ്മേളനം ആദ്യമായാണ് ആഫ്രിക്കയിലേക്കു വരുന്നത്. 2001, 2002, 2003, 2005 വർഷങ്ങളിൽ ബ്രസീലിലെ പോർട്ടെ അലിഗ്രേയിലും 2004 ൽ മുംബെയിലും കഴിഞ്ഞ വർഷം വെനിസ്വേല കറാച്ചി, ബാമാക്കോ എന്നീ മൂന്നിടങ്ങളിലുമാണ് ഈ ആഗോള സംഗമങ്ങൾ നടന്നത്. സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനടിപ്പെട്ട് ഞെരിഞ്ഞമരുന്ന ലോകത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളോട് 'മറ്റൊരു പോംവഴിയുമില്ല' (ടിന - ദേർ ഈസ് നോ ആൾട്ടർനേറ്റീവ്) എന്നാണ് ഭരണകൂടങ്ങളും സാമ്രാജ്യത്വദാസരായ മാധ്യമങ്ങളും വിദഗ്ധരും ആവർത്തിച്ചു പറയുന്നത്. ഇതിനുകീഴ്പ്പെട്ട് (അതിനെ പരമാവധി പ്രയോജനപ്പെടുത്തി) കഴിഞ്ഞുകൂടുക. അതിനി ഇല്ലാതാകില്ല. ഇത്തരം വാദങ്ങളെ എതിർക്കുന്ന, ഇത്തരത്തിലല്ലാത്തൊരു ലോകം സാദ്ധ്യമാണെന്നതാണ് ലോക സോഷ്യൽ ഫോറത്തിന്റെ പ്രധാന മുദ്രാവാക്യം. ഈ 'മറ്റൊരു ലോക'മേതെന്ന കാര്യത്തിൽ വ്യത്യസ്താഭിപ്രായങ്ങൾ പങ്കെടുക്കുന്നവർ തമ്മിലുണ്ട്. പക്ഷെ അവരെല്ലാം ഒരുമിച്ചുപറയുന്നു. ഇന്നു നിലവിലുള്ള ലോകക്രമം നീതിയുടേയോ സ്വാതന്ത്ര്യത്തിന്റേയോ സമത്വത്തിന്റേയോ അല്ല. അത് നിലനിൽക്കത്തക്കതല്ല, നിലനിൽക്കാൻ പാടില്ല. സ്വിറ്റ്സർലന്റിലെ ദാവോസിൽ ലോകത്തിലെ പ്രമുഖ ഭരണകർത്താക്കളും സാമ്രാജ്യത്വ സാമ്പത്തിക സ്ഥാപനങ്ങളും അവരെ പിന്താങ്ങുന്ന സാമ്പത്തിക വിദഗ്ധരും സമ്മേളിക്കുന്ന ലോകസാമ്പത്തിക വേദിക്ക് (വേൾഡ് ഇക്കണോമിക് ഫോറം) സമാന്തരമായാണ് മൂന്നാം ലോകത്തിലൊരിടത്ത് കർഷകരും തൊഴിലാളികളും സാമൂഹ്യ പരിസ്ഥിതി മനുഷ്യാവകാശ പ്രവർത്തകരും പത്രമാദ്ധ്യമപ്രവർത്തകരും നൂറുകണക്കിന് സമരസംഘടനകളും വിശ്വാസികളും അവിശ്വാസികളും ട്രേഡ് യൂണിയനുകളും വികലാംഗരും ചേരിനിവാസികളും കച്ചവടക്കാരുമടക്കം ഈ വ്യവസ്ഥയുടെ ദുരിതം പേറുന്ന മുഴുവൻ വിഭാഗങ്ങളുടെ പ്രതിനിധികളും ഒത്തുചേർന്ന് നൂറ്റമ്പതോളം ഔദ്യോഗികവേദികളിലും എപ്പോഴും വേദിയായി മാറാവുന്ന തെരുവിലും യോഗങ്ങളും പ്രകടനങ്ങളും പാട്ടും നൃത്തവും ചിത്രരചനയും സിനിമാ പ്രദർശനങ്ങളുമെല്ലാം നടത്തുന്നത്. അവർ കൈകാര്യം ചെയ്യുന്നത് ലോകത്തെ സംബന്ധിച്ച എല്ലാ വിഷയങ്ങളുമാണ്. ജനാധിപത്യം, പരിസ്ഥിതി, വിദ്യാഭ്യാസം, ആരോഗ്യം, വ്യാപാരം, ഭൂമിയുടെ അവകാശങ്ങൾ, തൊഴിൽ, ഭവനം, വൈദ്യുതി/ഊർജം, ഗതാഗതം, സാമൂഹ്യനീതി, ലിംഗനീതി, സമത്വം, കടബാദ്ധ്യത, ടൂറിസം, ഐ.ടി., കല, സാഹിത്യം, സിനിമ, നഗരവൽക്കരണം, ചേരികൾ, പ്രതിരോധങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു. ഓരോ വിഷയത്തെ സംബന്ധിച്ചും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്നവർ ഒരേ വേദിയിൽ അണിനിരന്ന് ആശയ സംവാദങ്ങൾ നടത്തുന്നു. കടുത്ത ആശയ സംഘട്ടനങ്ങളുണ്ടാകുന്നു. പലപ്പോഴും പൊതു സമവായങ്ങളിലെത്തുന്നു. തുടർന്നു നടത്തേണ്ടുന്ന പ്രവർത്തനങ്ങളുടെ രൂപ



*വാഗായി മാതായി*




രേഖ തയ്യാറാക്കുന്നു. പരസപരം എങ്ങനെ സഹകരിക്കാമെന്ന് തീരുമാനിക്കുന്നു.

മുമ്പുനടന്ന ഇത്തരം ആഗോള വേദികളെ പറ്റിയെല്ലാമുയർന്ന നിരവധി വിമർശനങ്ങളുണ്ട്. സാമ്രാജ്യത്വത്തിന് വ്യക്തമായ 'ബദൽ' നിർദ്ദേശിക്കുന്നില്ലായെന്നതാണതിൽ പ്രധാനം. ഈ വിമർശനം തനി മുതലാളിത്തവാദികൾ എപ്പോഴും ഉയർത്തുന്നതാണ്. എന്നാൽ അതോടൊപ്പം തന്നെ 'സോഷ്യലിസം മാത്രമാണ് ബദൽ' എന്നു കൃത്യമായി പറയാത്തതിനാൽ ഈ സംഗമം മുതലാളിത്ത വേദി തന്നെയാണെന്ന് ഇടതുപക്ഷത്തുനിന്നുള്ള വിമർശനം തള്ളിക്കളയാനാവില്ല. തന്നെയുമല്ല ഇത്തരമൊരു മഹാസംഗമം നടത്തുന്ന തിനാവശ്യമായ വിഭവങ്ങൾ മുടക്കുന്നത് പ്രധാനമായും സാമ്രാജ്യത്വ ഫണ്ടിങ്ങ് ഏജൻസികളാണ് എന്നതും ഈ വിമർശനത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. 'സോഷ്യലിസം' എന്നാൽ ഏതുതരത്തിലുള്ളത് (തകർന്ന സോവിയറ്റ് മാതൃകമുതലുള്ളവയുണ്ടല്ലോ മുന്നിൽ) എന്ന ചോദ്യത്തിന് യോജിച്ച ഒരു ഉത്തരം നൽകാൻ പലപ്പോഴും ഇടതുപക്ഷങ്ങൾക്കും കഴിയാറില്ല. വിവിധ വിഭാഗം ജനങ്ങൾ ഇന്നത്തെ ലോകക്രമത്തിനെതിരെ, തങ്ങളുടെ ജീവനും ജീവിതവും ജീവനോപാധികളും സംരക്ഷിക്കാൻ ലോകത്തിന്റെ പല ഭാഗങ്ങളിൽ പോരാട്ടം നടത്തുന്നുണ്ട്. ഇവരെല്ലാം ഒരൊറ്റ പ്രത്യയശാസ്ത്രാടിത്തറയിൽ നിന്നുകൊണ്ടു മാത്രമേ സമരം നടത്താവൂ എന്ന് വാശിപിടിക്കുന്നതു ശരിയല്ലല്ലോ. ഇത്തരം പോരാട്ടങ്ങൾ നടത്തുന്നവർ ഒത്തുചേർന്നുകൊണ്ട് ആശയവിനിമയം നടത്താനുള്ള ഒരു വേദിയെന്നതിനെ ഒറ്റയടിക്കു തള്ളിക്കളയാനാവില്ല. ആഗോള സാമ്രാജ്യത്വ സാമ്പത്തിക സംഗമങ്ങൾ (ലോക വ്യാപാര സംഘടന, ജി-എട്ട് രാജ്യങ്ങൾ, ലോകബാങ്ക്, എഡിബി ഐ.എം.എഫ്.) നടന്ന സ്ഥലങ്ങളിലെല്ലാം (സിയാറ്റിൽ, വാഷിങ്ടൺ, ദോഹ, സിംഗപൂർ, ഹൈദരാബാദ് മുതലായവ) തന്നെ വ്യത്യസ്ത സമൂഹങ്ങളിലെ ജനങ്ങൾ ഒരുമിച്ചുചേർന്ന് പ്രതിഷേധവും പ്രതിരോധവും ഉയർത്തിയിട്ടുണ്ട്. അത് ലോകത്തിന്റെ പല ഭാഗത്തു നടക്കുന്ന സമരങ്ങൾക്കും ആവേശം നൽകിയിട്ടുണ്ട്. അതെന്തായാലും ഈ ആശയസംഘട്ടനം തുടർന്നുപോന്നു. 2004 മുംബയ് സംഗമത്തിനു സമാന്തരമായി ഇടതുപക്ഷക്കാർ നടത്തിയ എം.ആർ. (മുംബയ് പ്രതിരോധം) ശ്രദ്ധേയമായിരുന്നു.

എന്നാൽ മൂന്നുവർഷം കടന്നുപോയപ്പോഴേക്കും സംഗതികളിൽ ഏറെ മാറ്റമുണ്ടായിരിക്കുന്നുവെന്നാണ് നെയ്റോബി സംഗമം കാണിക്കുന്നത്. ഇവിടെയും ഓക്സ്ഫാം പോലുള്ള ബഹുരാഷ്ട്ര എൻജിഒകൾ ഉണ്ടായിരുന്നു. എന്നാൽ സംഗമത്തിന്റെ ആകെത്തുകയെടുത്താൽ അത മുംബയിൽ നിന്നും ഏറെ 'ഇടത്തോട്ട്' പോയിരിക്കുന്നുവെന്നു കാണാനാകും. സന്നദ്ധ സംഘടനകളുടെ മേൽക്കൈ ഇവിടെ ഏതാണ്ട് നഷ്ടപ്പെട്ടിരിക്കുന്നു. അജണ്ടകൾ നിശ്ചയിക്കുന്നിടം മുതൽ അതു തുടങ്ങുന്നു. പതിവില്ലാത്തവിധം തൊഴിലാളി യൂണിയനുകൾ സംഗമത്തിനെത്തിയെന്നതാണ് തന്നെ ഈ മാറ്റത്തിനൊരു കാരണമാണ് (ഇന്ത്യയിൽ കുറവ് പ്രധാനം). വെള്ളം, ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ അതിവേഗം കടന്നുവരുന്ന ചരക്കുവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനുമെതിരെയുള്ള കൂട്ടായ്മകളിൽ ഈ മേഖലകളിലെ ശക്തരായ യൂണിയനുകളുടെ ഇടപെടലുകൾ ഏറെ നിർണ്ണായകമായിരുന്നു. പ്രത്യേകിച്ചും ജലത്തിന്റെയും തൊഴിലിന്റേയും കാര്യങ്ങളിൽ. ഭൂമിക്കുവേണ്ടിയുള്ള സമരങ്ങളും ഇതുപോലെ ലോകവ്യാപകമായി നടക്കുന്ന ഒന്നാണ്. ആഗോള ധനകാര്യ-വ്യാപാര സ്ഥാപനങ്ങളെ 'ജനാധിപത്യവൽക്കരിക്കണ'മെന്നും അവയുടെ പ്രവർത്തനങ്ങളിൽ ഇടപെട്ട് ജനങ്ങൾക്ക് ഗുണകരമായ വിധത്തിൽ മാറ്റണമെന്നുമാണ് പൊതുവെ അന്താരാഷ്ട്ര എൻജിഒകൾ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഇന്നീ നിലപാട് പൂർണ്ണമായും മാറിയിരിക്കുന്നു. 'ലോക വ്യാപാര സംഘടനയില്ലാത്ത ഒരു ലോകം

സാദ്ധ്യമാണ്' എന്നത് ഒരു പ്രധാന മുദ്രാവാക്യമാണ്.


മൂന്നാം ലോകരാജ്യങ്ങളുടെ മേലുള്ള നീതിരഹിതമായ കടബാദ്ധ്യതകൾക്കെതിരായ പോരാട്ടങ്ങളിലും വ്യക്തമായ ഐക്യനിര രൂപപ്പെട്ടിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലെ പ്രതിനിധികളിൽ വലിയൊരു പങ്കും "...അതുകൊണ്ടാണ് ഞങ്ങൾ സോഷ്യലിസ്റ്റുകളായത്" എന്ന് ആവർത്തിച്ചു പാടികൊണ്ടിരിക്കുന്നവരാണ്. പുതിയ സോഷ്യലിസ്റ്റ് ലോകം സാദ്ധ്യമാണെന്നവർ ഉറച്ചുവിശ്വസിക്കുന്നു. ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയം ലാറ്റിനമേരിക്കയിൽ ഉയർന്നുവന്ന ഇടതുപക്ഷ സർക്കാരുകളുടെ പ്രവർത്തനം സംബന്ധിച്ചാണ്. ബ്രസീലിലെ ലുല സർക്കാർ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്കു കീഴടങ്ങുന്നുവെന്ന പരാതി വ്യാപകമായി (ഇന്ത്യയിൽത്തന്നെയും) ഉണ്ട്. ഐഎംഎഫിൽ നിന്നും ലോകബാങ്കിൽ നിന്നും ബ്രസീൽ എടുത്ത കടങ്ങളുടെ വലിയൊരു പങ്കും തിരിച്ചടക്കുന്നതാണ് ഇവരെ പ്രകോപ്പിക്കുന്നത്. എന്നാൽ വെനിസ്വേലയിൽ നിന്നും ബൊളീവിയയിൽനിന്നും വന്ന പ്രതിനിധികൾ വിശേഷിച്ചും യൂണിയൻ നേതാക്കൾ - ഈ നിലപാടിനെ എതിർക്കുകയാണ്. ബ്രസീൽ അതിന്റെ കടബാദ്ധ്യതയും അതുവഴി സാമ്പത്തിക സ്ഥാപനങ്ങളുടെ ചരടുകളും കുറയ്ക്കുകയാണെന്നും ഇത് മറ്റു മൂന്നാം ലോക സമൂഹങ്ങൾക്കും മാതൃകയാകണമെന്നുമാണവരുടെ വാദം. ഒരു ജനാധിപത്യ സർക്കാരെന്ന നിലയ്ക്ക് കടം തിരിച്ചു നൽകാതിരിക്കാനാകില്ല. അന്താരാഷ്ട്ര കരാറുകളുണ്ട്, നിയമങ്ങളുണ്ട്. എന്നാൽ കടബാദ്ധ്യത കുറയ്ക്കുന്നതിന് തടസ്സങ്ങളില്ല. ആഭ്യന്തര വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടു നടത്താവുന്ന വികസനമാണ് വേണ്ടതെന്നാണവർ കരുതുന്നത്. ഇന്ത്യയും കേരളവും വികസനത്തിന് സാമ്രാജ്യത്വ വായ്പകളല്ലാതെ വഴിയില്ലെന്നു ശഠിക്കുന്ന സന്ദർഭത്തിൽ ബ്രസീലിന്റെ നിലപാടിന് സാംഗത്യമുണ്ട്. വെനിസ്വേലൻ നേതാവ് ഷാവേസും ലുലയെ ഇക്കാര്യത്തിൽ പിന്താങ്ങുകയാണ്.

**പൊള്ളുന്ന വെള്ളം**

ഏതാണ്ട് അറുപതിലധികം വേദികളിൽ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് ജലം. നിരവധി രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും വിദഗ്ദ്ധരും ഓരോ വേദിയിലും വന്നെത്തിയിരുന്നു. സ്വാഭാവികമായും ആഫ്രിക്കൻ വൻകരയിൽ നിന്നുള്ളവരായിരുന്നു വലിയൊരുപങ്കും. മറ്റു വൻകരകളേക്കാൾ രൂക്ഷമാണ് ആഫ്രിക്കയിലെ ജലപ്രതിസന്ധിയെന്ന് ചർച്ചകൾ വ്യക്തമാക്കി. ജലം ഒരു പുണ്യവിഭവമായി മിക്ക ആഫ്രിക്കൻ സമൂഹങ്ങളും കാണുന്നു. ജലം ഒരു പൊതുവിഭവമാണ്, അതിനുമേൽ ആർക്കും വ്യാപാരാവകാശമില്ല, 1980 കൾ മുതൽ ലോകബാങ്കും ഐഎംഎഫും ഇടപെട്ടു തുടങ്ങിയപ്പോഴാണ് ജലസ്വകാര്യവൽക്കരണമെന്ന അജണ്ട മുന്നോട്ടുവന്നത്, പൊതു-സ്വകാര്യ പങ്കാളിത്തമെന്നത് വഞ്ചനയാണ്, അത് പൊതു ആസ്തികളുടെ കൂടി സ്വകാര്യവൽക്കരണത്തിലേക്കു നയിക്കും, സ്വകാര്യവൽക്കരണത്തിലൂടെ ജലപ്രതിസന്ധി ഒരിടത്തും പരിഹരിക്കപ്പെട്ടില്ലെന്നു മാത്രമല്ല മിക്കയിടത്തും പരിഹരിക്കപ്പെട്ടില്ലെന്നു മാത്രമല്ല മിക്കയിടത്തും അതുരൂക്ഷമായി, 'മുഴുവൻ ചെലവും തിരിച്ചുപിടിക്കുക'യെന്ന ലോകബാങ്ക് തത്വംമൂലം ജലത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചു, നഗരഗ്രാമ മേഖലകളിലെ പ്രശ്നങ്ങൾ വ്യത്യസ്തമാണ് തുടങ്ങിയ വിഷയങ്ങളിൽ ഏതാണ്ടെല്ലാ പ്രതിനിധികളും യോജിച്ചു. ബഹുരാഷ്ട്രക്കമ്പനികളായ സൂയെസിനും വിറവെണ്ടിക്കും. ബെക്ടലിനും മറ്റുമെതിരായി നടന്ന (നടക്കുന്ന) നിരവധി സമരാനുഭവങ്ങൾ അവിടെ വിവരിക്കപ്പെട്ടു.

പ്രശ്നപരിഹാരത്തിന്റെ കാര്യത്തിൽ ഐക്യരൂപ്യത്തിലെത്താൻ കഴിഞ്ഞില്ലെന്നതു സ്വാഭാവികം. ഓരോ സമൂഹത്തിലെയും പ്രശ്നങ്ങളും മുൻഗണനകളും വ്യത്യസ്തമാണ്. ജലം ഒരു പൊതുവിഭവമാണെന്നും മനുഷ്യാവകാശമാണെന്നും അത് എല്ലാവർക്കും കിട്ടുന്നുവെന്നുറപ്പാക്കാൻ ഭരണകൂടങ്ങൾക്ക് ബാദ്ധ്യതയുണ്ടെന്നും അതൊരിക്കലും വിൽപ്പന ചരക്കാകരുതെന്നുമുള്ള പൊതുധാരണയുടെ അടിസ്ഥാനത്തിൽ നിരവധി ബദൽ സമീപനങ്ങളും അനുഭവങ്ങളും അവതരിപ്പിക്കപ്പെട്ടു. നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും വ്യത്യസ്ത സമീപനം വേണമെന്ന കാര്യത്തിലും യോജിപ്പുണ്ടായി. 180 ദശലക്ഷം ജനങ്ങളുള്ള ബ്രസീലിൽ 45 ദശലക്ഷത്തിന് ആവശ്യമായ അളവിൽ ശുദ്ധജലം കിട്ടിയിരുന്നില്ല. വിജയകരമായ ഒരു അനുഭവമാണ് ബ്രസീലിനുള്ളത്. പൂർണ്ണമായും സാമൂഹ്യ നിയന്ത്രണത്തിൽ-ജനകീയ അസംബ്ലിയുടെ തീരുമാനപ്രകാരം-ആണവിടെ പുതിയ ജലവിതരണ സംവിധാനങ്ങൾ സ്ഥാപിക്കപ്പെടുന്നത്. നിലവിലുണ്ടായിരുന്ന സ്വകാര്യവൽക്കരണ പദ്ധതികൾ സർക്കാർ ഏറ്റെടുത്ത് ജനകീയ സമിതികളെ ഏൽപ്പിക്കുകയാണ്. "പൊതുജലം തിരിച്ചുപിടിക്കുക" എന്ന തലക്കെട്ടിൽ മാത്രം





*നെയ്റോബി ഫ്രൈഡേ ഹാർബറിലെ ഒരു ദൃശ്യം*

ഗ്രാമീണ ജലവിതരണം പൈപ്പു വഴി നൽകുന്ന ഒന്നാക്കി മാറ്റാൻ ശ്രമിക്കരുതെന്നും അങ്ങനെ ചെയ്താൽ 'ജലത്തിന്റെ വില' (ചെലവ്) കൂട്ടുമെന്നും പരമാവധി പൊതുജല സ്രോതസ്സുകൾ സംരക്ഷിച്ച് എല്ലാവർക്കും വെള്ളം കിട്ടാവുന്ന അവസ്ഥയുണ്ടാകണമെന്നുമുള്ള വാദം ഈ ലേഖകൻ ഉയർത്തിയതിനും ശക്തമായ പിന്തുണ കിട്ടി. തന്നെയുമല്ല, ഈ ജലസ്രോതസ്സുകളെ മലിനമാക്കുകയോ ശോഷിപ്പിക്കുകയോ ചെയ്യുന്നതരം 'വികസന നടപടി'കളെ ചോദ്യം ചെയ്തുകൊണ്ടല്ലാതെ 'പൊതുജലം തിരിച്ചുപിടിക്കാൻ' കഴിയില്ലെന്ന് പ്ലാച്ചിമടയിലേയും ഏലൂരിലേയും ചാലിയാറിലേയും മറ്റും അനുഭവങ്ങൾ നിരത്തി സമർത്ഥിക്കാനായി. ഇതിനോടുള്ള പ്രതികരണമെന്നനിലയിൽ ഖനികൾ മൂലവും മറ്റും പൊതുജലസ്രോതസ്സുകൾക്കുണ്ടായ നാശങ്ങളെപ്പറ്റി ഘാന, നൈജീരിയ, അംഗോള തുടങ്ങിയ രാജ്യങ്ങളിലെ പ്രതിനിധികൾ വിവരിച്ചു. ഇതോടെ സമ്മേളനത്തിന്റെ തീരുമാനങ്ങളിലെ ഒന്നാമത്തെ അജണ്ടയായി ജലസ്രോതസ്സുകളുടെ നാശത്തിനു വഴിവെയ്ക്കുന്ന വികസന പ്രവർത്തനങ്ങൾ ഉപേക്ഷിക്കുക' എന്നതു വന്നു. 'പരിസ്ഥിതി പ്രേമികളുടെ കാൽപനികത'യെന്ന രീതിയിൽ ഈ അഭിപ്രായങ്ങളെ ആദ്യം എതിർത്തവർക്കുപോലും ഒടുവിൽ ഇതിനോട് യോജിക്കേണ്ടിവന്നു.

ജലത്തിന്റെ 'പൊതു ഉടമസ്ഥത' നിലനിർത്തുന്നതിനും എല്ലാവർക്കും ശുദ്ധജലം ലഭ്യമാകുന്നുവെന്നുറപ്പാക്കുന്നതിനും ആഫ്രിക്കൻ രാജ്യങ്ങളുടെതായി ഒരു ശൃംഖലയും (നെറ്റ്‌വർക്ക്) ആഗോളതലത്തിലൊരു ശൃംഖലയും രൂപീകരിക്കപ്പെട്ടു. നിലവിലുള്ള പൊതുജല വിതരണ സംവിധാനം മെച്ചപ്പെടുത്താതെ ഈ ലക്ഷ്യം നേടാനാവില്ലെന്ന് നാൽപതോളം രാജ്യങ്ങളിൽ നിന്നെത്തിയ ജലരംഗത്തെ യൂണിയൻ നേതാക്കളും സമ്മതിച്ചു. സർക്കാരുകൾ സ്വകാര്യവൽക്കരണ പാത തുറക്കാൻ ജലരംഗത്തുള്ള മുതൽമുടക്കു കുറയ്ക്കുന്നത് ഇത്തരം തകർച്ചക്കുള്ള കാരണമാണ്. എന്നാൽ യൂണിയനുകളുടെ ഭാഗത്തുനിന്നും ഇതിന് ഒട്ടേറെ ശ്രമങ്ങൾ നടത്തേണ്ടതുണ്ടെന്ന് പൊതു അഭിപ്രായമുണ്ടായി. കേരളത്തിൽ നിന്നുള്ള വാട്ടർ അതോറിറ്റി യൂണിയനുകളുടെ പ്രതിനിധികൾ ഈ യോഗത്തിലുണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി.

കൊക്കകോളയ്ക്കെതിരായി നാലഞ്ചു പരിപാടികൾ നടന്നു. കെനിയയിൽ കോക്കിന് സർവ്വാധിപത്യമാണ്. വെള്ളത്തിനേക്കാൾ കുറഞ്ഞ വിലക്ക് (ലിറ്ററിന് അമ്പത് കെനിയൻ ഷില്ലിങ് വെള്ളത്തിനും നാൽപതഞ്ച് ഷില്ലിങ് കോളയ്ക്കുമാണ്). കോള നൽകുകയാണവിടെ. അവർ 'സോഡ'യെന്നു പറയുന്നത് കോളയ്ക്കാണ്. സംഗമം നടക്കുന്ന സ്റ്റേഡിയത്തിനകത്ത് കോളയ്ക്ക് പ്രവേശനമില്ലായിരുന്നുവെന്നത് ശ്രദ്ധേയമായി. എന്നാൽ തദ്ദേശീയരായ ചിലർ കൊണ്ടുവന്ന പെട്ടിക്കടപോലുള്ള (വണ്ടികളിലും മറ്റുമുള്ള) കടകളിൽ കോളകളുണ്ടായിരുന്നു. തമിഴ്നാട്ടിൽനിന്നുള്ള (തിരുനെൽവേലി കോളക്കമ്പനിക്കെതിരായി സമരം ചെയ്യുന്ന രണ്ടുമൂന്നു പേരോടൊപ്പം ഈ ലേഖകൻ പെട്ടെന്നു ചില പ്ലാക്കാർഡുകളുമായി സ്റ്റേഡിയത്തിന്റെ പൊതുവഴിയിൽ നിന്നു. അത് ഏറെ ശ്രദ്ധ പിടിച്ചുപറ്റി. യൂറോപ്യന്മാരും അമേരിക്കൻ വൻകരകളിലുള്ളവരും അടുത്തുവന്ന് പിന്തുണയറിയിച്ചു. കോളക്കെതിരായ ലഘുലേഖകൾ വാങ്ങി. എന്നാൽ കെനിയക്കാർ പലരും (പ്രധാനമായും വിദ്യാർത്ഥികൾ) അൽപം തർക്കത്തിനുതന്നെ വന്നു. എന്നാൽ കോള നടത്തുന്ന ജലചൂഷണം, കോളയിലെ ആരോഗ്യനാശകമായ ഘടകങ്ങൾ, കോള അമേരിക്കൻ സാമ്രാജ്യത്വത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ, അവർ കൊളംബിയയിലും മറ്റും നടത്തുന്ന തൊഴിലാളി ദ്രോഹനടപടികൾ മുതലായവ വിവരിച്ചപ്പോൾ അവർ പലരും 'ഞങ്ങൾ ഇനി കോള കുടിയ്ക്കില്ല' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. ഇത്തരം വിഷയങ്ങൾ കെനിയയിൽ ഒരിക്കലും ചർച്ചക്കു വന്നിട്ടേയില്ലെന്ന് അപ്പോൾ ബോദ്ധ്യമായി.

കോള - ഒരു വെള്ളക്കള്ളൻ എന്ന വിഷയത്തിൽ നടന്ന ഒരു യോഗത്തിൽ നാനൂറിലേറെപ്പേർ പങ്കെടുത്തു. പ്ലാച്ചിമടയിലെ അനുഭവ വിവരണമായിരുന്നു അവിടെ പ്രധാനമായും ഉണ്ടായത്. ഈ വിഷയത്തെപ്പറ്റി ഒട്ടനവധി ചോദ്യങ്ങളും അഭിപ്രായങ്ങളുമുണ്ടായി. തങ്ങളുടെ കാമ്പസുകളിൽ കോള നിരോധിക്കുന്നതിന് പ്രചരണം നടത്തി വിജയിച്ച (യു.എസ്.എ., കാനഡ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ) ആറു സർവ്വകലാശാലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ അവരുടെ അനുഭവങ്ങൾ വിശദീകരിച്ചു. പ്ലാച്ചിമടസമരം പൂർണ്ണമായും അഹിംസാത്മകമായിരുന്നുവെന്നത് പലർക്കും അത്ഭുതമായിരുന്നു. "അത് ഗാന്ധിയുടെ നാട്ടിൽ നടക്കുന്നു" എന്ന് അവരിൽ പലരും പറഞ്ഞു. കോളക്കമ്പനികളിലെ തൊഴിലാളി ദ്രോഹ

നടപടികളെപ്പറ്റി കൊളംബിയയിൽ നിന്നെത്തിയ യൂണിയൻ നേതാക്കൾ ചിത്രങ്ങൾ സഹിതം അവതരിപ്പിച്ചപ്പോൾ സദസ്സ് വീർപ്പടക്കി കേട്ടിരുന്നു. കൊളംബിയയിൽ മാത്രം എട്ട് യൂണിയൻ നേതാക്കളെ പോലീസും കമ്പനി ഗുണ്ടകളും ചേർന്ന് കൊലപ്പെടുത്തിയിട്ടുണ്ട്.

ബഹുരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ മൂന്നാം ലോകത്തിലെ ഇടപെടലുകളെപ്പറ്റി അഞ്ചു യോഗങ്ങളുണ്ടായി. ഇതിനും പുറമെ 'മൂന്നാം ലോകത്തിന്മേലുള്ള നീതിരഹിതമായ കടങ്ങൾ' എന്ന വിഷയത്തിൽ നിരവധി സംഘടനകൾ സമ്മേളനങ്ങൾ നടത്തി. ഇന്ന് ഇതേറ്റവും പ്രസക്തമാകുന്നത് ആഫ്രിക്കൻ രാജ്യങ്ങൾക്കാണ് (നാളെ നമുക്കും!) മൊത്തം ദേശീയ വരുമാനത്തേക്കാൾ പല മടങ്ങ് കടബാധ്യതയുള്ള പല രാജ്യങ്ങളുമുണ്ട്. ഈ രാജ്യങ്ങൾക്കുമേൽ കടുത്ത സമ്മർദ്ദങ്ങൾ ചെലുത്തിക്കൊണ്ട് സാമൂഹ്യസേവന-സുരക്ഷാരംഗങ്ങളിൽ നിന്ന് സർക്കാർ പിന്മാറുകയും ദരിദ്രർ പരമദരിദ്രരും മുഴുപ്പട്ടിണിക്കാരും രോഗികളുമാകുകയും ചെയ്യുന്ന കാഴ്ചയാണ് ഓരോ രാജ്യത്തുമുള്ളത്. വെസ്റ്റേൺ ആഫ്രിക്കയടക്കമുള്ള സബ് സഹാറൻ രാജ്യങ്ങൾ എല്ലാം കടുത്ത ദുരിതത്തിലാണ്. ഇവിടങ്ങളിൽ വംശീയകലാപങ്ങളും സ്വാഭാവികം.

കെനിയയുടെ അവസ്ഥ തന്നെയെടുക്കാം. (അതിലും മോശമാണ് സോമാലിയ, എത്യോപ്യ, അംഗോള തുടങ്ങിയ പല രാജ്യങ്ങളും) കെനിയയിൽ വൻനഗരങ്ങളും അവിടെ വില കൂടിയ ഉൽപന്നങ്ങൾ വിൽക്കുന്ന കടകളും സൂപ്പർ ഹൈവേകളും സ്റ്റാർ ഹോട്ടലുകളും സ്വിമ്മിങ് പൂളുകളുമെല്ലാമുണ്ട്. നെയ്റോബിയിലും ഇതെല്ലാമുണ്ട്. എന്നാൽ നഗരത്തിൽ നിന്നും പത്തു പതിനഞ്ചുമിനിറ്റ് കാറിൽ യാത്ര ചെയ്താൽ നാമെത്തുക ലോകത്തിലെ ഏറ്റവും ദരിദ്രർ ജീവിക്കുന്ന ഏറ്റവും വലിയ ചേരികളിലൊന്നിലാണ്. ടിൻ ഷീറ്റുകളടിച്ച കൂരകളാണവിടത്തെ മണിമാളികകൾ. അക്ഷരാർത്ഥത്തിൽ തീപ്പെട്ടികൾ അടുക്കിയതുപോലുള്ള വീടുകൾ. (മാനവ വികസനത്തിൽ 177 രാജ്യ പട്ടികയിൽ 152-ാം സ്ഥാനമാണ് കെനിയക്കുള്ളത്.) വിളിപ്പാടകലെ 50,000 ൽ പരം മനുഷ്യർ പങ്കെടുക്കുന്ന ലോക സോഷ്യൽ ഫോറത്തെപ്പറ്റി ചേരിനിവാസികൾക്ക് വലിയൊരു വിവരമൊന്നുമില്ല. 'മറ്റൊരു ലോകം സാദ്ധ്യമാണ്' എന്ന പ്രതീക്ഷ തന്നെ നഷ്ടപ്പെട്ട ലക്ഷങ്ങൾ. ആറേഴു കിലോമീറ്റർ നീണ്ട ചേരിപ്രദേശത്ത് ഒരു കക്കൂസ് പോലുമില്ലെന്നുകേട്ടാൽ നമുക്കു വിശ്വസിക്കാനാകുമോ? പത്ത്-പത്ത് (അടി) അളവുള്ള വീട്ടിൽ പത്തുപേർ ജീവിക്കുന്നു. അവർ വിസർജ്ജനം നടത്തുന്നതെങ്ങനെയെന്നുള്ള വിശദീകരണം നമ്മെ ഞെട്ടിക്കും. ഒരാളൊഴിച്ചെല്ലാവരും വെളിയിലിറങ്ങി അകത്തുള്ളയാൽ പ്ലാസ്റ്റിക് സഞ്ചിയിൽ മുറിക്കകത്തിരുന്ന് മലവിസർജ്ജനം നടത്തുന്നു. അത് ദൂരെക്കൊണ്ടുകളയാനൊന്നും കഴിയില്ല. തൊട്ടുമുമ്പിലുള്ള തെരുവിൽ കൂട്ടിയിടുന്നു. വെള്ളം കിട്ടാൻ മൂന്നു കിലോമീറ്ററെങ്കിലും നടക്കണം. ഇതിലേറെ വിചിത്രമാണ് അവരുടെ ഭക്ഷണം. 'സുകമോ വിക്കി'യാണവരുടെ പ്രധാന ഭക്ഷണം എന്ന് ഒരാൾ പറഞ്ഞപ്പോൾ ഇതെന്താണെന്നറിയാൻ ഞങ്ങൾക്കാഗ്രഹം തോന്നി. അന്വേഷിച്ചു-കണ്ടെത്തി. അത് ഒരു ഭക്ഷണത്തിന്റെ പേരല്ല - മറിച്ച് ആ വാക്കുകൾക്ക് സ്വാഹിലിയിൽ അർത്ഥം 'ഒരാഴ്ച തള്ളിനീക്കുക' എന്നതാണ്. ആഴ്ചയിലൊരു നാൾ മാത്രമേ അവർക്ക് ഭക്ഷണമുള്ളൂ. ബാക്കി ദിവസങ്ങൾ അവർ തള്ളിനീക്കുന്നു. ഈ ദിവസങ്ങളിൽ കണ്ണിൽ കാണുന്ന കാട്ടുപുല്ല് ചെത്തിയെടുത്ത് വെള്ളത്തിലിട്ട് പുഴുങ്ങി (ഉപ്പിന് പണം നൽകണമെന്നതിനാൽ അതു കൂട്ടാതെ) കഴിക്കുന്നു. ഇതാണ് 'സുകുമോ വെക്കി.'

കെനിയയും പ്രത്യേകിച്ച് നെയ്റോബിയും തീരെ സുരക്ഷിതമല്ലെന്നും ഏതു നിമിഷവും കൊള്ളയടിക്കപ്പെട്ടേക്കാമെന്നും അതുകൊണ്ട് ഒറ്റയ്ക്ക് (സായുധരായ കാവൽക്കാരുടെ അകമ്പടിയില്ലാതെ) പുറത്തിറങ്ങരുതെന്നുമുള്ള കർശനനിർദ്ദേശം അവിടെ വിമാനമിറങ്ങുന്നതിനുമുമ്പുതന്നെ എല്ലാവരേയും ഓർമ്മിപ്പിച്ചിരുന്നു. ചേരികളിൽ ജീവിക്കുന്ന ലക്ഷക്കണക്കിനു മനുഷ്യരുടെ അവസ്ഥയും മറുവശത്ത് അതിസമ്പന്നരായവരുടെ ധാരാളിത്തവും നിലനിൽക്കുന്ന സമൂഹത്തിൽ ഇരിലപ്പുറവും നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ.

തൊഴിലാണ് മറ്റൊരു പ്രധാന ചർച്ചാവിഷയമായി വന്നത്. ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായുള്ള സർക്കാർ ഇടപെടലുകൾ എല്ലാ രാജ്യത്തേയും തൊഴിൽസുരക്ഷ നഷ്ടപ്പെടുത്തിയിരിക്കുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐഎൽഒ) യുടെ പ്രതിനിധികൾ സംബന്ധിച്ച ഒരു യോഗത്തിൽ അവർ കാര്യങ്ങൾ വെട്ടിത്തുറന്നു പറഞ്ഞു. ഭരണകൂടങ്ങൾ മൂലധന താൽപര്യങ്ങൾക്കു കീഴടങ്ങുമ്പോൾ തൊഴിൽസുരക്ഷ നഷ്ടമാകും. മൂന്നാം ലോകത്തെ യൂണിയൻ



പ്രവർത്തനങ്ങളെപ്പറ്റി ദീർഘകാലമായി പഠനം നടത്തുന്ന നേതാവാണ് പീറ്റർ വോട്ടർമാൻ. അദ്ദേഹം പങ്കെടുത്ത ഒരു യോഗം ഈ രംഗത്ത് ശ്രദ്ധേയമായിരുന്നു. "2002 ലെ സോഷ്യൽ ഫോറത്തിനു ശേഷം ഞാൻ എഴുതിയിരുന്നു, ആഗോളതലത്തിൽ ട്രേഡ് യൂണിയനുകളും ആഗോളനീതിക്കായുള്ള ജനകീയ പ്രസ്ഥാനങ്ങളും വിവാഹം ചെയ്യണമെന്നതാണ് കാലഘട്ടത്തിന്റെ ആവശ്യമെങ്കിലും അത് സാദ്ധ്യമായിട്ടില്ലായെന്ന്. നെയ്റോബിയിലെത്തിയപ്പോൾ അവരുടെ 'വിവാഹനിശ്ചയം' "നടക്കുമെന്ന ഘട്ടമായിട്ടുണ്ട്". അന്താരാഷ്ട്രതലത്തിലുള്ള ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ 'മാന്യമായ തൊഴിൽ' എന്ന മുദ്രാവാക്യം ജനപ്രീതി നേടുന്നു. തൊഴിൽരംഗത്തു പ്രവർത്തിക്കുന്ന പല സന്നദ്ധസംഘടനകളും ഇവരുമായി ചേർന്നു പ്രവർത്തിക്കുന്നു. പശ്ചിമ യൂറോപ്പിൽ നിലവിലുണ്ടായിരുന്ന 'ക്ഷേമ മുതലാളിത്തം' ഇന്നില്ലാതാകുന്നു, നവലിബറൽ നയങ്ങൾ വന്നതുകൊണ്ട്. പശ്ചിമ യൂറോപ്പിലേയും യുഎസ്എയിലേയും യൂണിയനുകൾ പരസ്പരം ലയിക്കുന്നുവെന്നത് മറ്റൊരു പ്രതിഭാസമാണ്. രാജ്യങ്ങൾക്കകത്തും പുറത്തും ഇതു നടക്കുന്നു.... ലോകത്തിന്റെ പല ഭാഗത്തും തൊഴിൽമേഖലകളിൽ നിലവിലുള്ള പ്രതിസന്ധികളും പോരാട്ടങ്ങളും ചർച്ച ചെയ്യപ്പെട്ടു.

എത്യോപ്യായിലെ ഒറോമിയ ജില്ലയിൽ നിന്നും നെയ്റോബിയിലെത്തിയ ബൊറേനാനെംഗാരയുടെ കയ്യിൽ ചോളം, ഗോതമ്പ്, ബാർളി, ബീൻസ് എന്നിവയുടെ 47 തരം പരമ്പരാഗത വിത്തിനങ്ങൾ ഉണ്ടായിരുന്നു. തങ്ങളുടെ നാട്ടിൽ നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഹരിതവിപ്ലവം വഴി ഈ വിത്തിനങ്ങൾ നശിക്കുമെന്നും അതിന് തങ്ങൾ അനുവദിക്കില്ലെന്നുമാണ് ഗെംഗാര യോഗത്തിൽ പറഞ്ഞത്. തിങ്ങിനിറഞ്ഞ ആ സദസ്സിൽ ഗൗരവതരവും ഘനഗംഭീരവുമായ ഒരു ശബ്ദമുയർന്നു - അത് ഡോ. വന്ദനാശിവയുടേതായിരുന്നു. ഹരിതവിപ്ലവത്തിന്റെ ഇന്ത്യൻ തിക്താനുഭവങ്ങൾ അവർ വിവരിച്ചത് അതീവ ശ്രദ്ധയോടെയാണ് ബഹുഭൂരിപക്ഷം ആഫ്രിക്കക്കാരുള്ള സദസ്സ് ശ്രവിച്ചത്. "ഏതു പ്രകൃതിദുരന്തങ്ങളേയും നേരിടാൻ ശേഷിയുണ്ടെന്ന് കാലങ്ങൾകൊണ്ട് തെളിയിച്ചവരാണ് ഇന്ത്യൻ കർഷകർ. പക്ഷെ മനുഷ്യൻ നടത്തിയ ഹരിതവിപ്ലവം അവരെ തകർത്തുകളഞ്ഞു. 1965 മുതൽ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ പ്രചരിപ്പിച്ചവർ ഇപ്പോൾ ജനിതകരൂപഭേദം വരുത്തി കർഷകന്റെ ജീവിതം തകർത്തിരിക്കുന്നു. അവർ ആത്മഹത്യ ചെയ്യുന്നു."

യുഎസിലെ റോക്ഫെല്ലർ ഫൗണ്ടേഷനും ബിൽഗേറ്റ്സിന്റെ ഫൗണ്ടേഷനും ആഫ്രിക്കയിൽ ഹരിതവിപ്ലവം നടത്താൻ 15 കോടി ഡോളർ നൽകുമെന്നു പ്രഖ്യാപിച്ചു. ഇന്ത്യയുടെ മണ്ടത്തരം ആഫ്രിക്ക ആവർത്തിക്കില്ലെന്നാണ് തന്റെ വിശ്വാസമെന്നും വന്ദന പറഞ്ഞു. നവലിബറൽ നയങ്ങളുമായി ചേരുമ്പോൾ ഇത് കർഷകരെ മാത്രമല്ല ജൈവവൈവിദ്ധ്യത്തേയും തകർക്കുമെന്ന് അവർ മുന്നറിയിപ്പു നൽകി. "ആഫ്രിക്കയുടെ ഭക്ഷ്യസുരക്ഷിതത്വവും ജൈവവൈവിദ്ധ്യവും തകർക്കാനുള്ള ഗൂഢാലോചനയാണ് റോക്ഫെല്ലർ-ഗേറ്റ്സ് പദ്ധതി" വന്ദനാശിവ അറിയിച്ചു. കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ പഞ്ചാബിലെ 10 ശതമാനം ഭൂമി ഉർവ്വരമല്ലാതായി. മുമ്പ് 250 വിളകളുണ്ടായിരുന്നിടത്ത് ഇപ്പോൾ നെല്ല്, ഗോതമ്പ്, പരുത്തി എന്നിവ മാത്രമായി. 'ഈ വഴിയാണോ ആഫ്രിക്ക പോകേണ്ടത്? ഇരുപതു വർഷത്തെ ലോകാനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്" ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു യോഗമായിരുന്നു അത്.

ലോക സോഷ്യൽ ഫോറത്തിൽ ഏറ്റവും കൂടുതൽ വേദികളിൽ വന്ന മറ്റൊരു വിഷയം യുദ്ധവും സൈനീകവൽക്കരണവും ആയിരുന്നു. എല്ലാ വേദികളിലും തെരുവുകളിലും ഏറ്റവും വെറുക്കപ്പെട്ട പേര് നാം ഊഹിക്കുന്നതുപോലെ ജോർജ്ജ് ബുഷിന്റേതായിരുന്നു. രണ്ടാം സ്ഥാനം ടോണി ബ്ലെയറിനും. ഒരു തമാശയുണ്ടായി. പാക്കിസ്ഥാനിലെ മനുഷ്യാവകാശ ഗ്രൂപ്പിന്റെ പവലിയനു മുന്നിൽ ആഗോള ഭീകരന്മാരുടെ പടങ്ങൾ - ബുഷ്, ബ്ലെയർ, പാക്കിസ്ഥാൻ പ്രസിഡണ്ട് മുഷാറഫ് എന്നിവരുടേത് തൂക്കിയിട്ടിരുന്നു. 'വധശിക്ഷ സദ്ദാമിനല്ല, ഇവർക്കാണ് നൽകേണ്ടത്" എന്നായിരുന്നു അടിക്കുറിപ്പ്. ഒരു വെള്ളക്കാരി പെൺകുട്ടി കടന്നുവന്ന് വളരെ ഗൗരവത്തിൽ പവലിയനിലിരിക്കുന്നവരോട് ചോദിക്കുന്നു. നിങ്ങളെന്താണ് ഞങ്ങളുടെ പ്രധാനമന്ത്രിയെ ഒഴിവാക്കിയത്. ഞാനതിൽ പ്രതിഷേധിക്കുന്നു." എന്ന്. ആദ്യം ഒന്നും മനസ്സിലായില്ല. പിന്നീടവർ വിശദീകരിച്ചു. അവർ ആസ്ത്രേലിയക്കാരിയാണ്. ബുഷിനെ, ടോണി ബ്ലയറെന്നപോലെ, പിന്താങ്ങുന്നയാളാണ് അവരുടെ പ്രധാനമന്ത്രി. അതിലുള്ള പ്രതിഷേധമാണവർ കാട്ടിയത്.

പലസ്തീനടക്കം പശ്ചിമേഷ്യയിൽ നടക്കുന്ന മനുഷ്യക്കുരുതിക്ക് അധിനിവേശത്തിനുമെതിരായി നിരവധി യോഗങ്ങളും പ്രകടനങ്ങളുമുണ്ടായി. യുഎസിന്റെ സൈനികത്താവളങ്ങളുടെ വളർച്ചക്കെതിരെ ശക്തമായി സംസാരിച്ചവരിൽ ജപ്പാൻ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരും ഉൾപ്പെടുന്നു. ഒരു പാലസ്തീനിയൻ തമാശ പറയാം. ഒരു ഇസ്രായേലുകാരൻ ലണ്ടനിലെ ഹീത്രു വിമാനത്താവളത്തിലിറങ്ങി ഇമിഗ്രേഷൻ പരിശോധനക്കെത്തിയപ്പോൾ അയാളോട് കൗണ്ടറിലിരിക്കുന്നയാൾ ചില ചോദ്യങ്ങൾ ചോദിച്ചു. നെയിം (പേര്)... അയാൾ പറഞ്ഞു. ഒക്യുപ്പേഷൻ (തൊഴിൽ എന്നാണ് ചോദിച്ചാൽ ഉദ്ദേശിച്ചത്).... പെട്ടെന്ന് ഇസ്രായേലുകാരന്റെ മറുപടി.... ഇല്ല. അതിനല്ല. രണ്ടുനാൾ കഴിഞ്ഞാൽ ഞാൻ തിരിച്ചു പോകും. ഇവിടെ ഒക്യുപ്പേഷൻ വാക്കിനുള്ള രണ്ടാമത്തെ അർത്ഥം (അധിനിവേശം) ആണയാൾ ഉദ്ദേശിച്ചത്. അഥവാ ഇസ്രായേലുകാരന്റെ 'തൊഴിൽ' എന്നതാണ് അധിനിവേശം. ഇത്തരം നിരവധി ഫലിതങ്ങൾ അവിടെ പ്രചാരത്തിലുണ്ട്.

ഇറാക്കിലെ എണ്ണമേഖലയിലെ തൊഴിലാളി യൂണിയനുകളുടെ സെക്രട്ടറി സമ്മേളനത്തിനഭിവാദ്യം ചെയ്തുകൊണ്ടയച്ച കത്ത് ഏറെ കരഘോഷത്തോടെയാണ് ആയിരങ്ങൾ പങ്കെടുത്ത 'സമാധാന സദസ്സ്' സ്വീകരിച്ചത്. എല്ലാ പരിമിതികൾക്കകത്തു നിന്നുകൊണ്ടുപോലും അവർ അധിനിവേശത്തിനെതിരായി ഉയർത്തുന്ന പ്രതിരോധം ആരേയും ആവേശം കൊള്ളിക്കുന്ന

താണ്.


ഇന്തോനേഷ്യൻ ഫോറത്തിന്റെ ഉൽഘാടന സമ്മേളനത്തിൽ പങ്കെടുത്ത മൂന്ന് ആഫ്രിക്കൻ നേതാക്കൾ എന്നും ആഫ്രിക്കയുടെ ആവേശമായിരിക്കും. ദക്ഷിണാഫ്രിക്കൻ നേതാവായ ഡെസ്മണ്ട് ടുട്ടു, സാംബിയയുടെ മുൻ പ്രസിഡണ്ട് കെന്നത്ത് കൗണ്ട, നോബൽ സമ്മാന ജേതാവായ കെനിയക്കാരി വഗായ് മാതായി എന്നിവരാണത്. വഗായ് മാതായി പല വേദികളിൽ പ്രസംഗിച്ചു. എല്ലാ യോഗങ്ങളിലും പങ്കെടുത്ത ആഫ്രിക്കൻ സ്ത്രീകൾ പ്രകടിപ്പിക്കുന്ന ആവേശം അത്ഭുതകരമായിരുന്നു. (പലപ്പോഴും അവരുടെ കണ്ണുനിറയുകയും ഇടറിയ ശബ്ദത്തിൽ മുദ്രാവാക്യം വിളിക്കുകയും ചെയ്തിരുന്നു.) ഉൽഘാടന സമ്മേളനത്തിൽ, തങ്ങളുടെ പൂർവ്വികർ ആഫ്രിക്കക്കുമേൽ നടത്തിയ അതിക്രമങ്ങൾക്ക് യൂറോപ്യൻ സമൂഹത്തിന്റെ പ്രതിനിധികൾ നിരുപാധികം ക്ഷമാപണം നടത്തുന്നുണ്ടായിരുന്നു. ഉൽഘാടനത്തിലും സമാപനത്തിലും മുഴങ്ങിയ മറ്റൊരു മുദ്രാവാക്യം ഇതായിരുന്നു. "ഒരു നാൾ പലസ്തീനിലും ലോക സോഷ്യൽ ഫോറം നടക്കും." ഇതിന്റെ അർത്ഥവ്യാപ്തി എത്രയെന്ന് നമുക്കു മനസ്സിലാക്കാമല്ലോ. ●

*തണൽ, കൊച്ചി - 21*


**ജീവിത പങ്കാളിയെ തേടുന്നു**

സാമൂഹ്യ പ്രവർത്തകൻ, തൃശ്ശൂർ ജില്ല, ആർ.സി., 5'6", അവധിയിലുള്ള സർക്കാർ ഉദ്യോഗസ്ഥൻ, 39 വയസ്സ്. സ്നേഹമയിയായ സ്വയംപര്യാപ്തതയുള്ള ഹിന്ദു യുവതിയെ ജീവിതപങ്കാളിയായി തേടുന്നു. വിശദമായി എഴുതുക. പി.ബി. 100, തൃശ്ശൂർ-1.
ഫോൺ : 9388872845.


മാർച്ച് 28 മുതൽ



ഏപ്രിൽ 4 വരെ

*പെയിന്റിംഗ്: ധനരാജ് കീഴറ*

# നെൽകൃഷി

## പാരമ്പര്യം, സംസ്കൃതി, വൈവിധ്യം ആഘോഷിക്കാൻ ഒരാഴ്ച!

**നെല്ല്** ഏഷ്യയുടെ ജീവനാണ്. ഏഷ്യയുടെ ജീവിത രീതിയാണ്. ഏഷ്യൻ ജനതയുടെ ആത്മീയതയും പാരമ്പര്യവും എല്ലാം നെല്ലുമായി ഇഴചേർന്ന് കിടക്കുകയാണ്.

എന്നാൽ കഴിഞ്ഞ അമ്പത് വർഷങ്ങളായി ഏഷ്യൻ രാജ്യങ്ങളിൽ ഈ ജീവിതരീതിയും വൈവിധ്യവും സമ്പന്നതയും എല്ലാം ഘട്ടം ഘട്ടമായി തകർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഹരിതവിപ്ലവം തൊട്ട് ഗാട്ട് ഉടമ്പടിയും ലോകവ്യാപാര കരാറും ജനിതക എഞ്ചിനീയറിംഗും സ്പെഷ്യൽ ഇക്കണോമിക് സോണുകളും വഴി മുമ്പോട്ട് പോകുന്ന വികസനം നെൽകൃഷി യേയും നെൽപാടങ്ങളേയും ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുമ്പോൾ ഏഷ്യൻ ജനത ഒന്നായി ഉണർന്ന് തങ്ങളുടെ സംസ്കാരത്തെയും ജീവിതത്തെയും സംരക്ഷിച്ചും ആഘോഷിച്ചുകൊണ്ട് മുമ്പോട്ട് പോകാൻ ശ്രമിക്കുകയാണ്. ഇതിന്റെ ഭാഗമായി കർഷകരും ഉപഭോക്താക്കളും ചെറുകിട നെല്ല്-അരി കച്ചവടക്കാരും വിദ്യാർത്ഥികളും സംഘടനകളും എല്ലാം ചേർന്ന് മാർച്ച് 28 മുതൽ ഏപ്രിൽ 4 വരെയുള്ള ഒരാഴ്ച ഏഷ്യയുടെ വിവിധ ഭാഗങ്ങളിൽ വച്ച് വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നു. ഇന്ത്യയിലെ തെക്ക്-കിഴക്ക് സംസ്ഥാനങ്ങളിലെ വിവിധ സംഘടനകൾ കർഷകരും വിദഗ്ദ്ധരും വിദ്യാർത്ഥികളുമെല്ലാമായി ചേർന്ന് ഈ ആഘോഷ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിൽ പാലക്കാട് ജില്ലയിൽ വച്ച് മാർച്ച് അവസാന വാരത്തിലാണ് ഇത് ആഘോഷിക്കുന്നത്. പാലക്കാട് ദേശീയ കർഷക സമിതിയും തണലും ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.

**നെൽകൃഷി പ്രത്യേക പതിപ്പ്**

ഇതിന്റെ ഭാഗമായി അടുത്ത ലക്കം 'കേരളീയം' കേരളത്തിലെ നെൽകൃഷിക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഈ ലക്കത്തിലേക്ക് വായനക്കാരിൽ നിന്ന് ലേഖനങ്ങളും പ്രതികരണങ്ങളും പ്രതീക്ഷിക്കുന്നു. നെൽകൃഷിയുമായി ബന്ധപ്പെട്ട പാട്ടുകൾ, കവിതകൾ, കഥകൾ ഇവയും പ്രതീക്ഷിക്കുന്നു. മറ്റൊരു ചോദ്യം കൂടി വായനക്കാരുടെ മുമ്പിൽ വയ്ക്കുന്നു. "കേരളത്തിൽ നെൽകൃഷി നിലനിർത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ? ഇതിന്റെ ഉത്തരവാദിത്തം ആർക്കാണ്? ഇതെങ്ങനെയാണ് നടപ്പിലാക്കുക?". ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും പ്രതീക്ഷിക്കുന്നു. ഉത്തരങ്ങൾ സ്വന്തമായോ കൂട്ടായി ചർച്ച ചെയ്തോ എഴുതാവുന്നതാണ്. എല്ലാവരും സഹകരിക്കുമെന്ന് പ്രതീക്ഷയോടെ

എസ്. ഉഷ (ഗസ്റ്റ് എഡിറ്റർ) 'തണൽ',
എച്ച്- 3, ജവഹർ നഗർ,
തിരുവനന്തപുരം-3, 0471 2727360

# ഉടനെ, ഇപ്പോൾ തന്നെയാണ് പ്രവർത്തിക്കേണ്ടത്

**നർമ്മദ ബച്ചാവോ ആന്ദോളൻ ഫെബ്രുരി 14 ന് പുറപ്പെടുവിച്ച പത്രക്കുറിപ്പ്.**

**തർജ്ജമ : വി. ഗോപാൽ, ക്വസ്റ്റ് ഫീച്ചേഴ്സ്**

**നർമ്മദ** ബച്ചാവോ ആന്ദോളൻ മറ്റൊരു യുദ്ധത്തിന് തയ്യാറെടുക്കുകയാണ്. ഈ യുദ്ധം സർദാർ സരോവർ പദ്ധതി പ്രതികൂലമായി ബാധിക്കുന്നവർക്ക് വേണ്ടിയല്ല, സമരം ചെയ്യുന്ന ആദിവാസികൾക്കോ കർഷക തൊഴിലാളികൾക്കോ പിഴുതെറിയപ്പെടാൻ പോകുന്ന നാല്പതിനായിരത്തിൽപ്പരം മത്സ്യതൊഴിലാളികൾക്കോ വേണ്ടിയല്ല. ഈ യുദ്ധം നർമ്മദ ബച്ചാവോ ആന്ദോളനുവേണ്ടി തന്നെയാണ്. ഗുജറാത്തിലെ ഒരു വ്യക്തി സുപ്രീംകോടതിയിൽ നമുക്കെതിരെ രാജ്യദ്രോഹമാരോപിച്ച് കേസ് കൊടുക്കുകയും നടപടികളെടുക്കാൻ യു.പി.എ. സർക്കാരിന് നിർബന്ധിക്കുകയും ചെയ്തിരിക്കുന്നു. മേധാപട്ക്കർക്ക് നോട്ടീസയക്കാനോ, അന്വേഷണം ഏർപ്പെടുത്താനോ വിസമ്മതിച്ച കോടതി പക്ഷേ എൻ.ബി.എ.യ്ക്ക് നോട്ടീസയച്ചിരിക്കുകയാണ്.

ഭരണകൂടം വിഭാവനം ചെയ്യുന്ന ഏതൊരു പദ്ധതിയേയും ചോദ്യം ചെയ്യുന്നത് രാജ്യദ്രോഹമാണെന്ന് പരമോന്നത കോടതിയെ ബോധ്യപ്പെടുത്താനാണ് ഈ ഹർജിയിലൂടെ ശ്രമിക്കുന്നത്. ഈ വിധം എതിർപ്പുകൾ മൂലം പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അവയുടെ ഗുണഫലം നിഷേധിക്കപ്പെടുന്നെന്നും അവരുടെ ജീവിക്കാനുള്ള അവകാശത്തേയും വികസനത്തിനുള്ള അവകാശത്തേയും ദോഷകരമായി ബാധിക്കുന്നുവെന്നും പറഞ്ഞാണ് ജനങ്ങളുടെ പ്രസ്ഥാനത്തിനെതിരെ തെറ്റായതും കെട്ടിച്ചമച്ചതുമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്. പോയകാലത്ത് നാം ചെയ്ത എല്ലാം - ജനങ്ങളെ സംഘടിപ്പിക്കുകയും ശാക്തീകരിക്കുകയും രാജ്യത്തെ നിയമങ്ങളെ മറികടന്നുകൊണ്ട് ഓരോ പദ്ധതിയും നടപ്പിൽ വരുത്താൻ ഉത്സാഹിക്കുന്ന ഫണ്ടിങ്ങ് ഏജൻസികളെ വിമർശിക്കുന്നത് - വളച്ചൊടിക്കപ്പെടുകയും ഇടിച്ച് താഴ്ത്തപ്പെടുകയുമാണ്.

ഗുജറാത്തിലെ ഏതോ ഒരു സംഘടനയ്ക്കുവേണ്ടി - നാഷണൽ കൗൺസിൽ ഫോർ സിവിൽ ലിബർട്ടീസ് എന്നാണതിന്റെ പേര് - ഒരു വി.കെ. സക്സേനയാണ് ഹർജി കൊടുത്തിരിക്കുന്നത്. നമ്മുടെ രാജ്യത്ത് എല്ലാ ജനകീയ പ്രസ്ഥാനങ്ങളേയും ജനങ്ങളുടെ സമരങ്ങളേയും വെല്ലുവിളിക്കുന്ന ഒന്നാണ് ഇത്. ഒരു പദ്ധതി സ്വീകാര്യമോ അല്ലാത്തതോ ആക്കുന്ന, വികസനോന്മുകമോ അല്ലാത്തതോ ആക്കുന്ന ഘടകങ്ങൾ - സാമൂഹിക പാരിസ്ഥിതിക ആഘാതങ്ങൾ, നല്കേണ്ടുന്ന വിലയും അവയിൽ നിന്ന് ലഭിക്കുന്ന ഗുണത്തിന്റേയും അനുപാതം - തുടങ്ങിയവ ചർച്ചയ്ക്ക് കൊണ്ടുവരുന്നതുപോലും തടയാനുള്ള ശ്രമമാണിത്.

ഏത് സംഘടനയ്ക്ക് എതിരേയും ഉപയോഗിക്കപ്പെടാവുന്ന നിയമകുതന്ത്രത്തെ അതർഹിക്കുന്ന ഗൗരവത്തോടെ കാണാൻ എല്ലാ ജനകീയ പ്രസ്ഥാനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഈ നീക്കത്തെ എതിർക്കാൻ ഈ കേസ് മുന്നോട്ടു കൊണ്ടുപോകാൻ അമിത താൽപര്യം കാണിക്കുന്ന ഗുജറാത്ത് - മദ്ധ്യപ്രദേശ് സർക്കാരുകൾക്കെതിരെ യു.പി.എ. ഗവൺമെന്റ് ഉറച്ചതും ജനാധിപത്യപരവുമായ നിലപാടെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പ്രധാനമന്ത്രിക്കും സോണിയാഗാന്ധിക്കും ആഭ്യന്തരമന്ത്രിക്കും നിവേദനം സമർപ്പിക്കാൻ എല്ലാവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. തങ്ങളുടെ മതേതര സ്വഭാവവും പങ്കും വ്യക്തമാക്കാനും ഉറപ്പിക്കാനുമായി ഈ ഹർജി എതിർത്തുകൊണ്ട് ഒരു സത്യവാങ്മൂലം സമർപ്പിക്കുവാൻ യു.പി.എ.യോടും ആവശ്യപ്പെടേണ്ടതാണ്.

ഉടനെ, ഇപ്പോൾ തന്നെയാണ് പ്രവർത്തിക്കേണ്ടത്. ●

*അനീഷ് മണ്ഡലായ്, കമല യാദാവ്, നൂർജി പദതി, യോഗിനി കനോൽക്കർ*

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (എൻ.എ.പി. എം.), മുംബൈ

E-mail: mumbainapm@gmail.com, nba.medha@gmail.com

**സാമൂഹ്യപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്**

ഭൂമി, തൊഴിൽ, കൃഷി, വെള്ളം, വനം തുടങ്ങി പൊതു വിഭവങ്ങൾ കയ്യേറ്റം ചെയ്ത് കുത്തക കമ്പനികൾക്ക് കൈമാറുന്ന സർക്കാരിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും നടപടികൾക്കെതിരെ വമ്പിച്ച ജനകീയ മുന്നേറ്റം. ഡൽഹിയിൽ (ജന്തർമന്ദർ) മാർച്ച് 18 മുതൽ ഇന്ത്യയിലെ പൊരുതുന്ന ജനങ്ങൾ സത്യാഗ്രഹ സമരം ആരംഭിക്കും.

വിവരങ്ങൾക്ക്: പി.ടി.എം. ഹുസൈൻ. 9447375279